**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509** **07-10-2021 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിൽ റീസർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകൾ ഏതൊക്കെയെന്നറിയിക്കാമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിൽ ആകെയുള്ള 13 വില്ലേജുകളിൽ ഇടമുളയ്ക്കൽ, അറയ്ക്കൽ, അഞ്ചൽ എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | റീസർവേ നടപടികൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ കാലതാമസം കൂടാതെ ആയത് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ; സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (ബി) | പുനലൂർ നിയോജക മണ്ഡലത്തിൽ റീസർവ്വെ പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuesly Operating Reference Station (CORS) നെറ്റ് വർക്ക് സ്ഥാപിക്കുന്നതിനും, Real-time kinematic positiioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതിക വിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും കോൺട്രാക്ട് സർവ്വെയർമാരുടെയും സേവനം വിനിയോഗിച്ച് സർവ്വെ ചെയ്യുന്നതിന് ലക്ഷ്യമിടുന്നതും പദ്ധതിയ്ക്കാവശ്യമായ തുക Rebuild Kerala Initiative (RKI)ൽ നിന്ന് ലഭ്യമായിട്ടുള്ളതുമാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുനലൂർ നിയോജക മണ്ഡലത്തിലെ ശേഷിക്കുന്ന വില്ലേജുകൾക്ക് മുൻഗണന നൽകി റീസർവ്വെ ജോലികൾ കൂടുതൽ കൃത്യതയോടും സമയബന്ധിതമായും പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ